കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ലിമിറ്റഡിലെ (KSCARD Bank Ltd) അഗ്രിക്കൾച്ചറൽ ഓഫീസർ (ജനറൽ വിഭാഗം) (കാറ്റഗറി നമ്പർ 398/2019) തസ്തികയുടെ ഇന്റർവ്യൂ 2022 മാർച്ച് മാസം 16, 17, 18 തീയതികളിലായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇന്റർവ്യൂ മെമ്മോ, വ്യക്തിഗത അറിയിപ്പ് എന്നിവ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ പ്രൊഫൈൽ പരിശോധിച്ച്, അവരുടെ ഇന്റർവ്യൂ തീയതിയിൽ നേരിട്ട് തന്നെ ഹാജരാകേണ്ടതാണ്. വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ചതും, OTV സർട്ടിഫിക്കറ്റും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള കോവിഡ് - 19 ചോദ്യാവലി പൂരിപ്പിച്ച്, ആയത് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും, ഇന്റർവ്യൂ ദിവസം ഹാജരാക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്കായി ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ സി.എസ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (0471-2546442).